# India and Bhutan sign MoU for developing cooperation in the areas of Environment

June 18, 2021

---

## പരിസ്ഥിതി സംബന്ധമായ വികസന സഹകരണ മേഖലകളിൽ ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണാപത്രം ഒപ്പു വച്ചു

**ജൂൺ** 18, 2021

പരിസ്ഥിതി മേഖലയിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം വികസിപ്പിക്കുന്നതിന് ഇന്ത്യയും ഭൂട്ടാനും തമ്മിൽ ധാരണാപത്രത്തിൽ ഇന്ന് ഒപ്പുവച്ചു. ഇന്ത്യയുടെ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രി പ്രകാശ് ജാവദേക്കർ ഇന്ത്യൻ ഭാഗത്തിന് വേണ്ടിയും ഭൂട്ടാൻ വിദേശകാര്യ മന്ത്രിയും ദേശീയ പരിസ്ഥിതി കമ്മീഷൻ ചെയർപേഴ്സനുമായ ലിയോൺപോ ഡോ.റ്റാൻഡിഡോർജി ഭൂട്ടാനീസ് ഭാഗത്തിന് വേണ്ടിയും വിർച്വൽ രീതിയിൽ ധാരണാപത്രത്തിൽ ഒപ്പുവച്ചു.

കാലാവസ്ഥാ വ്യതിയാനം, മാലിന്യ സംസ്കരണം തുടങ്ങിയ മേഖലകളിലെ ഉഭയകക്ഷി സഹകരണത്തിന്റെ പുതിയ വശങ്ങളിലേക്ക് ധാരണാപത്രം വെളിച്ചം വീശുമെന്നു ചടങ്ങിൽ സംസാരിച്ച ശ്രീ ജാവദേക്കർ പറഞ്ഞു. ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധത്തെ പ്രതീകാത്മകമായി വിവരിക്കുന്നതിനൊപ്പം തന്നെ കാലാവസ്ഥാ വ്യതിയാനം ഉൾപ്പെടെയുള്ള പരിസ്ഥിതി സംബന്ധമായ വിഷയങ്ങളിൽ ഭൂട്ടാനുമായി അടുത്തിടപഴകാൻ ഇന്ത്യ ആഗ്രഹിക്കുന്നവന്നു അദ്ദേഹം പറഞ്ഞു

.

വായു മലിനീകരണം തടയൽ, മാലിന്യ സംസ്കരണം, കെമിക്കൽ മാനേജ്മെന്റ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ മേഖലകളിൽ മികച്ച പ്രവർത്തന രീതികൾ കൈമാറുന്നതിനും ഇന്ത്യൻ, ഭൂട്ടാൻ പങ്കാളിത്തവും പിന്തുണയും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഒധാരണാപത്രം സഹായകമാകുന്നതാണ്.പരസ്പര താൽപ്പര്യമുള്ള മേഖലകളിൽ സംയുക്ത പ്രോജക്ടുകൾ നടത്താനുള്ള സാധ്യതയും ഇത് പ്രദാനം ചെയ്യുന്നു. ഇരുരാജ്യങ്ങളും തമ്മിലുള്ള പ്രയോജനകരമായ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനായി ശാസ്ത്ര,സാങ്കേതിക, മാനേജ്മെന്റ് കഴിവുകൾ ശക്തിപ്പെടുത്തുന്നതിനും പരിസ്ഥിതി മേഖലയിലെ സഹകരണം വിപുലീകരിക്കുന്നതിനും ധാരണാപത്രം ഉപയോഗപ്രദമാണ്.

**ന്യൂ ഡൽഹി**
**ജൂൺ 18, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.